(ഡി) സ്റ്റോറിൽ ആകെ ഓരോ ജില്ലയിലും വാടകക്കെട്ടിടത്തിൽ നടത്തുന്ന വിദ്യാലയങ്ങളുടെ എണ്ണം എത്ര;

(ഈ) വാടകയിനത്തിൽ പ്രതിവർഷം ചെലവുചെയ്യുന്ന സംഖ്യ എത്ര ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 445.

(ബി, സി, ഡി) വിവരങ്ങൾ കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട് †

(ഈ) 3,47,522 രൂപ.

പ്രൊഹിബിഷൻ നിയമങ്ങൾ

* 631 [26] ശ്രീ. പാറയിൽ ഷംസുദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റോറിലെ പ്രൊഹിബിഷൻ നിയമങ്ങളിൽ എന്തെങ്കിലും അയവ് വരുത്താൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്താണ് ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ, ബി) പ്ലാനിംഗ് കമ്മീഷൻ നിയമിച്ചിട്ടുള്ള പഠനസംഘത്തിന്റെ റിപ്പോർട്ട് കിട്ടിയതിനുശേഷം മദ്യനിരോധനത്തിന്റെ എല്ലാ വശങ്ങളെക്കുറിച്ചും ആലോചിക്കുന്നതാണ്.

Appointment of Additional Chief Secretary

* 632]27] **Shri K. Chandrasekharan:** Will the Minister be pleased to state :

(a) whether there is a proposal to appoint an Additional Chief Secretary in this State;

(b) in that case what will be the number of officers in the grade of Board of Revenue Members functioning here ; and

(c) what is the permanent member strength of the Board of Revenue in this State ?

Chief Minister (**Shri R. Sankar**) ;

(a) No.
(b) Does not arise.
(c) Two.

വ്യവസായ വികസനത്തിനു നീക്കിവച്ചിരുന്ന തുക

* 633. [32] ശ്രീ. പി. എസ്. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വികസനത്തിനുവേണ്ടി 1963–64 ലേക്ക് നീക്കിവച്ചിരുന്ന മൊത്തം തുക എത്ര ;

(ബി) 1964 ജനുവരി 31-ാം തീയതിവരെ ഇതിൽ എത്ര ഉറുപ്പിക ചെലവഴിച്ചിട്ടുണ്ട് ;

(സി) ഏതെല്ലാം ഇനങ്ങൾക്കായാണ് തുക നീക്കിവച്ചിരുന്നത് ;

(ഡി) ഓരോ ഇനത്തിലും പ്രസ്തുത കാലയളവിൽ എത്ര ഉറുപ്പികവീതം ചെലവായിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദര മേനോൻ):

(എ) 2,57,92,700 രൂപ.
(ബി) 94,43,825 രൂപ ചെലവഴിച്ചിട്ടുണ്ട്.
(സി, ഡി.) വിവരങ്ങൾ അടങ്ങുന്ന പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട് †

UNSTARRED QUESTIONS AND ANSWERS

എക്സൈസ് വകുപ്പിലെ പ്രൊവിഷണൽ നിയമനം

88. [6] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൽ 1960 ജനുവരി 31-ാം തീയതി മുതൽ 1963 ഡിസംബർ 31-ാം തീയതിവരെ പ്രൊവിഷണലായി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവരുടെ ജാതിതിരിച്ചുള്ള വിവരവും നിയമിച്ച തീയതിയും ഉൾപ്പെടുന്ന പട്ടിക മേശപ്പുറത്തു വെയ്ക്കുവാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ ആൻഡ് ബി) ഇക്കാര്യത്തിൽ 2-3-1964-ൽ 1644-ാം നമ്പർ ചോദ്യത്തിനു് നൽകിയ മറുപടിയിലേയ്ക്ക് മെമ്പറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

ADJOURNMENT MOTION

Clash between the Police and the People at Edathua.

Mr. Speaker: I have received notices, under Rule 49, from Shri P. K. Kunjachan and from Shri E. P. Gopalan. Shri Kunjachan's notice is regarding a matter done by an authority in due course of the administration of law and hence that motion canot be allowed.

9 a. m.

Shri E.P. Gopalan has given notice of a motion to discuss a matter of urgent public importance arising out of the clash between the police and the people at Edathua, resulting in the death of a person and injury to seven persons. I call upon the Minister to place the facts before the House.

മുഖ്യമന്ത്രി ശ്രീ. ആർ. ശങ്കർ: ഇക്കഴിഞ്ഞ 8-ാം തീയതി രാത്രി പത്തരമണിക്ക് സ്റ്റേഷനിലെ ചെല്ലപ്പൻപിള്ള, കേശവപിള്ള എന്നീ ഹെഡ് കോൺസ്റ്റബിൾമാരും അവരുടെ രണ്ടു കോൺസ്റ്റബിൾമാരും ഒരു വശത്തും, ആ നാട്ടിലുള്ള ചിലർ മറുവശത്തുമായി ഒരടികലശൽ നടക്കാനിടയായി. അതിൽ ചിലർക്ക് ചില ചെറിയ പരിക്കുകൾ പറ്റുക മാത്രമേ ഉണ്ടായിട്ടുള്ളൂ. അവർ അവിടെ നിന്നും പിരിഞ്ഞുപോയി. ഇവർതമ്മിൽത്തന്നെ എന്താണ്ടു് 9-ാംനു വെളുപ്പാൻ കാലത്തു് എന്നു പറയാം വീണ്ടും ഒരു സംഘട്ടനം ഉണ്ടായി. ആ സംഘട്ടനത്തിന്റെ ഫലമായി ചിലർക്ക് മുറിവേറ്റു. അതിൽ ഒരാളിന്റെ സ്ഥിതി വളരെ ഗുരുതരമായി. അയാൾ മരിച്ചുപോയി, പോലീസു കൺസ്റ്റബിളിനും മുറിവുകൾ പറ്റിയിട്ടുണ്ട്. പക്ഷേ അവരിലാരും മരിച്ചിട്ടില്ല. ഈ സംഭവത്തെപ്പറ്റി അറിഞ്ഞ ഉടനെ വേണ്ട നടപടികൾ എടുക്കുകയും ഇവരെ അറസ്റ്റു ചെയ്തു കേസ്സെടുക്കുകയും ചെയ്തിട്ടുണ്ട്. ഈ ഹെഡ് കോൺസ്റ്റബിൾമാരും മറ്റും ഇപ്പോൾ കസ്റ്റഡിയിലാണ്. ആലപ്പുഴ ഡി. വൈ. എസ്. പി. വളരെ താമസിയാതെ സ്ഥലത്തു ചെന്നു് വേണ്ട അന്വേഷണങ്ങൾ

† Appendix IV

LIBRARY ARCHIVES Kerala Legislative Assembly

APPENDIX IV

[*Please see answer to Starred Question No.* 633 (32)]

Budget Provision for 1963-'64

		Rs.
1.	Large and Medium Industries (Public sector Scheme and Government managed Industries)	57,39,800
2.	Private sector	71,87,500
3.	Handloom Development & Powerloom Schemes	32,80,300
4.	Small Scale Industries	52,86,100
5.	Industrial Estates	14,35,000
6.	Handicrafts	5,32,400
7.	Sericulture	44,600
8.	Coir Development	16,00,000
9.	Khadi & Village Industries	6,87,000

Expenditure

1.	Large and Medium Industries	9,83,292
2.	Private sector	16,81,000
3.	Handloom Development Scheme	18,63,169
4.	Small Scale Industries	31,47,273
5.	Industrial Estates	6,87,762
6.	Handicrafts	3,61,164
7.	Sericulture	21,360
8.	Coir Development	3,33,005
9.	Khadi & Village Industries	3,65,800

LIBRARY ARCHIVES Kerala Legislative Assembly